**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3903

19.03.2018-ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് അക്കാഡമി കുട്ടികൾക്ക് ഫീസ് ഇളവ്

**ചോദ്യം**
ശ്രീ. സി. മമ്മൂട്ടി

**മറുപടി**
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന ഗവ. നേതൃത്വത്തിലുള്ള സിവിൽ സർവ്വീസ് അക്കാഡമി എവിടെയൊക്കെയാണ് പ്രവർത്തിച്ചു വരുന്നത്; ഈ സ്ഥാപനത്തിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസ് ഇളവ് അനുവദിക്കാറുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളിലാണ് ഫീസ് ഇളവ് അനുവദിക്കുന്നത് ;

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ മെയിൻ സെന്റർ തിരുവനന്തപുരത്തും പാലക്കാട്, കോഴിക്കോട്, പൊന്നാനി, ആളൂർ, കല്യാശ്ശേരി, കാഞ്ഞങ്ങാട്, മൂവാറ്റുപുഴ, ചെങ്ങന്നൂർ, കോന്നി എന്നീ സ്ഥലങ്ങളിൽ സബ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ, പട്ടികജാതി വികസന വകുപ്പിനു കീഴിൽ "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി" എന്ന പേരിൽ ഒരു സ്ഥാപനവും പ്രവർത്തിച്ചു വരുന്നുണ്ട്.

26.7.2010 തീയ്യതിയിലെ സ.ഉ (സാധാ) നം. 1488/2010/ഉവിവ നമ്പർ ഉത്തരവ് പ്രകാരം പൊന്നാനിയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്ന സ്ഥാപനത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസിളവിന് അർഹതയുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കൂടി ഫീസിനത്തിൽ ഇളവ് അനുവദിക്കാൻ നിർദ്ദേശം നൽകുമോ?

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ